(ഡി) 18-4-2012-ലെ 31704/എസ്.എസ്.എ.1/2012/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ശ്രീ. കെ. അബ്ദു റഹ്മാൻ ഹാജിയുടെ പരാതി ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിക്ക് അയച്ചുകൊടുത്തിരുന്നു. തുടർന്ന് 11-9-2013, 29-10-2013, 24-2-2015, 9-6-2015 എന്നീ തീയതികളിൽ ഓർമ്മക്കുറിപ്പ് അയച്ചിരുന്നു.

(ഇ) ഇതുസംബന്ധിച്ച റിപ്പോർട്ട് പോലീസ് ആസ്ഥാനത്ത് പരിശോധനയിലാണ്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) പ്രസ്തുത ആവശ്യത്തിന്മേൽ തേടിയ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

വ്യവസായ സുരക്ഷാസേനയുടെ പ്രവർത്തനം

142 (4477) ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. എ. റ്റി. ജോർജ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സുരക്ഷാ സേനയുടെ പ്രവർത്തനത്തിന് സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(സി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇത് നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ 19-ഓളം സ്വകാര്യ-പൊതുമേഖലാ സ്ഥാപനങ്ങളുടെ കറൻസി ചെസ്റ്റുകൾ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളായ മലബാർ സിമന്റ്സ്, ദൂരദർശൻ കേന്ദ്രം, ആൾ ഇന്ത്യ റേഡിയോ, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, സ്വകാര്യ സ്ഥാപനങ്ങളായ നിറ്റാ ജലാറ്റിൻ ഇന്ത്യാ ലിമിറ്റഡ്, ഇൻഫോ പാർക്ക് കൊച്ചി എന്നിവ നിലവിൽ എസ്.ഐ.എസ്.എഫ്. സുരക്ഷ ലഭിക്കുന്നതിനായി നവീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളും സംരംഭങ്ങളും സുരക്ഷാ ഭീഷണി നേരിടുന്നതിനായി സ്വകാര്യ സുരക്ഷാ ഏജൻസികളെ ആശ്രയിക്കുന്ന ഈ കാലഘട്ടത്തിൽ അവയ്ക്ക് മതിയായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് എസ്.ഐ.എസ്.എഫ്. രൂപീകരിക്കപ്പെട്ടത്. സംസ്ഥാനത്തെ സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവയ്ക്ക് പേയ്മെന്റ് അടിസ്ഥാനത്തിൽ സുരക്ഷാ ഗാർഡുകളെ നൽകാൻ കഴിയുന്നതിലൂടെ ഗവൺമെന്റിന് സ്ഥിരമായ വരുമാനം ലഭിക്കുന്നതിനും സംസ്ഥാനത്തെ സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളുടെ സുരക്ഷ ശക്തമാക്കാനും കഴിയുന്നു.

(ഡി) സംസ്ഥാനത്തെ വ്യവസായ സുരക്ഷാസേനയിലേയ്ക്ക് 500 തസ്തികകൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനായി സൃഷ്ടിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാന പോലീസിൽനിന്നും 488 സേനാംഗങ്ങളെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയും അവരെ സംസ്ഥാനത്തെ വിവിധ സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളുടെ സുരക്ഷയ്ക്കായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

സ്കൂൾ അടിച്ചുതകർത്ത സംഭവം

143 (4478) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ :

(എ) 2015 ജൂൺ 24-ന് കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ദുർഗ്ഗാ ഹയർ സെക്കണ്ടറി സ്കൂൾ അടിച്ചു തകർത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ ആരൊക്കെയാണ് പ്രതികളെന്നും ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും സംബന്ധിച്ച വിശദാംങ്ങൾ അറിയിക്കാമോ ;

(സി) കേസ്സിലെ പ്രതികൾക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായോ അവരുടെ പോഷക സംഘടനയുമായോ ബന്ധമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ-സി) സ്കൂൾ അടിച്ചുതകർത്തതായി പരാതി ലഭിച്ചിട്ടില്ല. എന്നാൽ ദുർഗ്ഗാ ഹൈസ്കൂളിൽ എ.ബി.വി.പി. വിദ്യാഭ്യാസ ബന്ദിനോടനുബന്ധിച്ച് സ്കൂൾ വിടാത്തതിനാൽ മറ്റ് കോളേജുകളിൽനിന്നും വന്ന എ.ബി.വി.പി. പ്രവർത്തകരായ വിദ്യാർത്ഥികൾ ന്യായവിരോധമായി ദുർഗ്ഗാ ഹൈസ്കൂളിന് മുൻവശം സംഘം ചേർന്ന് റോഡ് മാർഗ്ഗ തടസ്സം സൃഷ്ടിച്ചും പോലീസിന്റെ നിയമാനുസൃതമുള്ള ഉത്തരവ് അനുസരിക്കാത്തതുമായ

LIBRARY ARCHIVES Kerala Legislative Assembly